പതിമൂന്നാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 357 08.02.2016-ൽ മറുപടിക്ക്

**കെ.എസ്.ആർ.ടി.സി. ജീവനക്കാരുടെ ഡി.എ കുടിശ്ശിക**

| ചോദ്യം<br>ശ്രീ. സി. ദിവാകരൻ : | | ഉത്തരം<br>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പു മന്ത്രി) | |
|---|---|---|---|
| (എ) | കെ.എസ്.ആർ.ടി.സി. ജീവനക്കാർക്ക് ശമ്പളത്തോടൊപ്പം ഇപ്പോൾ എത്ര ശതമാനം ഡി.എ.യാണ് നൽകുന്നത് ; | (എ) | നിലവിൽ കെ.എസ്.ആർ.ടി.സി ജീവനക്കാർക്ക് 53% ഡി.എ.യാണ് അനുവദിച്ചിട്ടുള്ളത്. |
| (ബി) | സർക്കാർ ജീവനക്കാരുടെ തോതിൽ ഡി.എ. നൽകാൻ കുടിശ്ശിക എത്രയാണുള്ളതെന്ന് അറിയിക്കാമോ; എന്നത്തേയ്ക്ക് പൂർണ്ണമായി കുടിശ്ശിക തീർത്ത് ഡി.എ. നൽകാൻ കഴിയുമെന്ന് അറിയിക്കാമോ? | (ബി) | സർക്കാർ ജീവനക്കാരുമായി തുലനം ചെയ്യുമ്പോൾ കെ.എസ്.ആർ.ടി.സി.യിൽ ഡി.എ. കുടിശ്ശിക 39% ആണ്.<br>അംഗീകൃത തൊഴിലാളി സംഘടനകളുമായി 14.01.2016-ന് ചേർന്ന ചർച്ചായോഗത്തിൽ നിലവിലുള്ള 39% ഡി.എ കുടിശ്ശികയിൽ ആദ്യ ഗഡുവായ 10% ഫെബ്രുവരി മാസത്തെ ശമ്പളത്തിലും, പെൻഷനിലും അടുത്ത ഗഡുവായ 10% ഏപ്രിൽ മാസത്തെ ശമ്പളത്തിലും, പെൻഷനിലും നൽകുമെന്ന് തീരുമാനിച്ചിട്ടുണ്ട്. കൂടാതെ ഏതെങ്കിലും കാരണവശാൽ 2016 ജൂലൈയ്ക്ക് മുൻപായി കെ.എസ്.ആർ.ടി.സി ജീവനക്കാരുടെ പുതിയ ശമ്പളപരിഷ്ക്കരണം പ്രാബല്യത്തിൽ വരുന്നില്ലാ എങ്കിൽ അടുത്ത ഗഡുക്കളായ 7% ജൂലൈ മാസത്തെ ശമ്പളത്തിലും, 6% ഒക്ടോബർ മാസത്തെ ശമ്പളത്തിലും, അവസാന ഗഡുവായ 6% ഡിസംബർ മാസത്തെ ശമ്പളത്തിലും അനുവദിക്കുമെന്നും ഇതിനിടയിൽ ശമ്പളപരിഷ്ക്കരണം നടപ്പാക്കുകയാണെങ്കിൽ ടി ഡി.എ.കൾ സർക്കാരിലേതുപോലെ |

| | | | |
|---|---|---|---|
| | | | അടിസ്ഥാന ശമ്പളത്തിൽ ലയിപ്പിക്കുകയോ പുതിയ സ്കെയിലിൽ അനുവദിക്കുകയോ ചെയ്യുമെന്നും ടി കാലയളവിൽ സർക്കാർ ജീവനക്കാർക്ക് പുതുതായി പ്രഖ്യാപിക്കുന്ന ഡി.എ അനുവദിക്കുന്നകാര്യം അപ്പോൾ ചർച്ച ചെയ്യാമെന്നും തീരുമാനമെടുത്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ